ഉത്തരം

(എ) നിർദ്ദേശം നൽകിയിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റിലിങ്കിഷ് ചെയ്ത ഭൂമി തിരികെ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വില്ലേജ് ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഭൂമി അപേക്ഷകർക്ക് തിരികെ നൽകുന്നതിന് ബന്ധപ്പെട്ട വില്ലേജ് ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.. ഈ വർഷം മാർച്ച് 31-നുള്ളിൽ നടപടി പൂർത്തിയാക്കുന്നതാണ്.

പട്ടാമ്പി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിന് നടപടി

5 [1293] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി താലൂക്കുകൾ രൂപവൽക്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടാമ്പി ആസ്ഥാനമായി പുതിയ താലൂക്ക് രൂപവൽക്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ വില്ലേജുകളുടേയും താലൂക്കുകളുടേയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പുതിയ താലൂക്ക് രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

കുന്ദംകുളം കേന്ദ്രമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്ന നടപടി

6 [1294] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദംകുളം കേന്ദ്രമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കുന്ദംകുളം നിയോജകമണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകളാണ് ഉള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര വില്ലേജ് ഓഫീസുകൾക്കാണ് പുതിയ കെട്ടിടങ്ങൾ പണിതിട്ടുള്ളത്;

(ഡി) ഏത് ഗ്രൂപ്പ് വില്ലേജ് ഓഫീസുകളാണ് പുതുതായി വിഭജിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വില്ലേജുകളുടേയും താലൂക്കുകളുടേയും പുനഃസംഘടന സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചു പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) 25 വില്ലേജുകളും 11 വില്ലേജ് ഓഫീസുകളുമാണ് നിലവിലുള്ളത്.

(സി) കുന്ദംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട വില്ലേജ് ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ പണിതിട്ടില്ല.

(ഡി) ഗ്രൂപ്പ് വില്ലേജ് സമ്പ്രദായം നിർത്തി ഓരോ വില്ലേജിനും പ്രത്യേക ഓഫീസാക്കി മാറ്റണമെന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നതാണ്. സാമ്പത്തിക പ്രയാസം മൂലം കെട്ടിടനിർമ്മാണവും അധിക ജീവനക്കാരെ നൽകലും കഴിയുന്നില്ല. ഇത് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്.

കരുവാൻതിരുത്തി വില്ലേജ് ഓഫീസ്

7 [1295] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവാൻതിരുത്തി വില്ലേജ് ഓഫീസിലെ സ്ഥലപരിമിതി മൂലം ജനങ്ങൾ പ്രയാസമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള സ്ഥലത്തുനിന്നും വില്ലേജ് ഓഫീസ് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ;

(സി) അടിസ്ഥാന സൗകര്യം ഇല്ലാത്തതും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ ഈ ഓഫീസിന് പുതിയ കെട്ടിടം കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന എത്ര വില്ലേജ് ഓഫീസുകൾ കോഴിക്കോട് ജില്ലയിലുണ്ടെന്നും അവ ഏതെല്ലാം എന്നും അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly